എഫ്. സി. ഐ. യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പാക്കി. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു.

സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ സർക്കാർ നിശ്ചയിച്ച വിലയിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടാതെ 1494 റേഷൻ വ്യാപാര സ്ഥാപനങ്ങളെ സപ്ലൈകോ ശബരി സ്റ്റോഴ്സ് ആയി തിരഞ്ഞെടുത്ത് ഈ സ്റ്റോറുകൾ വഴി മാവേലി സാധനങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, മറ്റ് എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ആരംഭിക്കുന്നുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന്റെ എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ

58 [1955] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ എത്ര എൽ.പി.ജി വിതരണ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വകുപ്പിന്റെ കീഴിൽ പുതിയ എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ഡി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ, പിലാത്തറ എന്നീ പ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഓരോ എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എൽ.പി.ജി വിതരണ കേന്ദ്രങ്ങളൊന്നും നിലവിലില്ല. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് നാല് എൽ.പി.ജി. വിതരണ കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly